# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 നവംബർ 4, വെള്ളി

**നമ്പർ 38**

രാവിലെ 8.3-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം:

സംസ്ഥാനത്ത് കൂട്ടബലാത്സംഗങ്ങൾ, ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം, തുടങ്ങിയ കുറ്റകൃത്യങ്ങൾ വ്യാപകമായിട്ടും അവ തടയുന്നതിലോ പ്രതികളെ കണ്ടെത്തുന്നതിലോ പോലീസ് കാര്യക്ഷമമല്ലെന്ന് പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു അടിയന്തര പ്രമേയത്തിന്റെ അവതരണാനുമതിക്ക് ശ്രീ. അനിൽ അക്കരയും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കേരള കോൺഗ്രസ് (എം.), ഭാരതീയ ജനതാ പാർട്ടി എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം വിവിധ മേഖലകളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി അതിജീവിക്കുന്നതിനായി പഠനം നടത്തുന്നതിനും, ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായി കേന്ദ്രഫണ്ടുകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ

ആവശ്യകതയിലേക്ക് ശ്രീ. കെ. കൃഷ്ണൻകുട്ടി, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. വരുന്ന ശബരിമല തീർത്ഥാടനകാലത്തോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ പൂർത്തിയാകാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷംമൂലം തീർത്ഥാടകർ നേരിടാൻ ഇടയുള്ള ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ. ഒ. രാജഗോപാൽ, വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ അംഗങ്ങൾ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. കെ. സി. മമ്മത് കോയ | തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ പ്രവർത്തനം സംബന്ധിച്ച് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 2 | ഡോ. എൻ. ജയരാജ് | മാതൃഭാഷ ഒന്നാം ഭാഷയാക്കുന്നതും ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും സംബന്ധിച്ച് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. എൽദോ എബ്രഹാം | മൂവാറ്റുപുഴ ഫയർ സ്റ്റേഷന്റെ വികസനം സംബന്ധിച്ച് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. എൻ. ഷംസീർ | ടൂർഫെഡ് അക്കാദമി ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ ടൂറിസം വൊക്കേഷണൽ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് | സഹകരണവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. അബ്ദുൾ ഹമീദ്. പി. | ചേലേമ്പ്രം പഞ്ചായത്തിലെ 'ഗ്രാമം ആരാമം' പദ്ധതി സംബന്ധിച്ച് | തദ്ദേശസ്വയംഭരണവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. നൗഷാദ് | അഷ്ടമുടിക്കായൽ മാലിന്യ മുക്തമാക്കുന്നതും സംരക്ഷി ക്കുന്നതും സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ. എൻ. വിജയൻ പിള്ള | ചവറയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച് | ജലവിഭവ വകുപ്പ് മന്ത്രി |
| 8. | ശ്രീ. കെ. എസ്. ശബരീനാഥൻ | അരുവിക്കര മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 9 | ശ്രീ. എസ്. രാജേന്ദ്രൻ | ഹൈഡൽ ടൂറിസത്തോടനു ബന്ധിച്ച് നടന്ന ഭൂമി ഇടപാടുകളും നിയമനങ്ങളും സംബന്ധിച്ച് | വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. രാജൻ | ആശാരിക്കാട് ഗവ.യു.പി. സ്കൂൾ, ഹൈസ്കൂൾ ആയി ഉയർത്തുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1. 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

2. 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

3. 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി)ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം:</u>

1 അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

2 (1) ശ്രീ. ബി. സത്യൻ 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(2) ശ്രീ. റ്റി. വി. രാജേഷ് 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാര നിയന്ത്രണവും അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(3) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവനചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

2016 നവംബർ 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 12.30-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETTIN—PART I

( Brief Record of Proceedings )

*Friday, November 4, 2016*

**No.38**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Question:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs who was authorised by the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Anil Akkara and two other Members regarding the serious situation reported to have arisen due to the incompetence of the Police Force in preventing crimes like gang rape and activities of quotation gangs and to book the culprits.

As a mark of protest against the attitude of the Government in this matter the Members belonging to Indian National Congress, Indian Union Muslim League, Kerala Congress (M) and Bharatiya Janatha Party staged a walk-out.

*Calling Attention:*

1. Shri K. Krishnankutty called the attention of the Minister for Revenue and Housing to the necessity to utilise the various central funds for conducting studies and planning long term schemes to overcome the reported crisis emanating from climate change in the State. The Minister made a statement thereto.

2. Shri O. Rajagopal called the attention of the Minister for Electricity and Dewaswoms to the problems that the pilgrims are likely to face due to the reported non-completion of arrangements in connection with the ensuing Sabarimala pilgrimage season. The Minister made a statement thereto.

KNPP.37-2017 (6).

*The Matters raised under Rule 304:*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. കെ. സി. മമ്മത് കോയ | തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ പ്രവർത്തനം സംബന്ധിച്ച് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 2 | ഡോ. എൻ. ജയരാജ് | മാതൃഭാഷ ഒന്നാം ഭാഷയാക്കുന്നതും ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും സംബന്ധിച്ച് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ, പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. എൽദോ എബ്രഹാം | മൂവാറ്റുപുഴ ഫയർ സ്റ്റേഷന്റെ വികസനം സംബന്ധിച്ച് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. എൻ. ഷംസീർ | ടൂർഹെഡ് അക്കാദമി ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ ടൂറിസം വൊക്കേഷണൽ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് | സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. അബ്ദുൾ ഹമീദ്, പി. | ചേലേമ്പ്രം പഞ്ചായത്തിലെ 'ഗ്രാമം ആരാമം' പദ്ധതി സംബന്ധിച്ച് | തദ്ദേശസ്വയംഭരണവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. നൗഷാദ് | അഷ്ടമുടിക്കായൽ മാലിന്യ മുക്തമാക്കുന്നതും സംരക്ഷിക്കുന്നതും സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ. എൻ. വിജയൻ പിള്ള | ചവറയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 8. | ശ്രീ. കെ. എസ്. ശബരീനാഥൻ | അരുവിക്കര മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 9 | ശ്രീ. എസ്. രാജേന്ദ്രൻ | ഹൈഡൽ ടൂറിസത്തോടനുബന്ധിച്ച് നടന്ന ഭൂമി ഇടപാടുകളും നിയമനങ്ങളും സംബന്ധിച്ച് | വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. രാജൻ | ആശാരിക്കാട് ഗവ.യു.പി. സ്കൂൾ, ഹൈസ്കൂൾ ആയി ഉയർത്തുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 1 | ശ്രീ. വി. കെ. സി. മമ്മത് കോയ | തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ പ്രവർത്തനം സംബന്ധിച്ച് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | ഡോ. എൻ. ജയരാജ് | മാതൃഭാഷ ഒന്നാം ഭാഷയാക്കുന്നതും ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും സംബന്ധിച്ച് | മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Reports:*

The following Reports were presented:

1. The Report of the Subject Committee on the Kerala Conservation of Paddy Land and Wetland (Amendment) Bill, 2016.
2. The Report of the Subject Committee on the Kerala Advocates' Welfare Fund (Amendment) Bill, 2016,
3. The Report of the Subject Committee on the Kerala Court Fees and Suits Valuation (Amendment) Bill, 2016.

*Private Member's Business :*

1 The Fourth Report of the Committee on Private Member's Bills and Resolutions was adopted by the House.

2 (1) Shri B. Satyan moved a motion for leave to introduce the Kerala Hospital Development Society Employees' Fixation of Wages, Allowances and Conditions of Service Bill, 2016. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.

(2) Shri T. V. Rajesh moved a motion for leave to introduce the Constitution of Kerala Detoxification of Fruits, Vegetables and Quality Control Authority Bill, 2016. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.

(3) Prof. Abid Hussain Thangal moved a motion for leave to introduce the Migrant Workers (Constitution of Registration Authority) Bill, 2016. Since the motion was opposed the mover was allowed to make a brief statement. The statement was inconclusive.

The House Adjourned at 12.30 p.m. to meet again at 8.30 a.m. on Monday, November 7, 2016.

V. K. BABU PRAKASH,

*Secretary.*